# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 365

## 08.08.2017 ലെ മറുപടിക്ക്

## ആസ്തി വികസനഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ നടപടി

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയ്ക്ക് പുറമേ അധികമായി വരുന്ന തുക എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ടിൽ നിന്നും വിനിയോഗിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കുമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രസ്തുത ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഫണ്ട് വിനിയോഗിക്കുവാൻ എം.എൽ.എ. ഉദ്ദേശിക്കുന്ന പക്ഷം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയ്ക്ക് മാത്രമായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ആസ്തി വികസന പദ്ധതിയിൻ കീഴിലെ മറ്റ് പ്രവൃത്തികൾക്കുള്ള നടപടിക്രമങ്ങൾ ആയതിനും ബാധകമാണ്. 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകൾ മുഖേന നടപ്പാക്കാൻ സ.ഉ.(അ) നം. 86/2017/ധന തീയതി 04.07.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് എം.എൽ.എ.മാർ തങ്ങളുടെ ശുപാർശകൾ അതത് കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്. |
| (ബി) | ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുക? | |

Shalhal

സെക്ഷൻ ഓഫീസർ